**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 4324

27.06..2013 -ൽ
മറുപടിയ്ക്ക്

## പി. എ. അസീസ് കോളേജ്

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം ജില്ലയിൽ കരകുളത്ത് സ്ഥിതി ചെയ്യുന്ന പി.എ. അസീസ് കോളേജിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കാതെയും പ്രവർത്തനം നടത്തിവരുന്ന കരകുളത്തുള്ള പി.എ. അസീസ് കോളേജിലെ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ, പ്രസ്തുത കോളേജ് സർക്കാർ ഏറ്റെടുത്ത് ആയതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് നിവേദനം നൽകിയിരുന്നു. |
| (സി) പ്രസ്തുത പരാതിയിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും 06-05-2013 -ൽ നേരിട്ട് കോളേജിലെത്തി അന്വേഷണം നടത്തുകയും, അപ്പോൾ കണ്ടെത്തിയ ന്യൂനതകൾ അടിയന്തിരമായി പരിഹരിക്കാൻ മാനേജ്മെന്റിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിനുപുറമേ 29-05-2013 -ൽ സർക്കാർ ഇതു സംബന്ധിച്ച് മറ്റൊരു പരിശോധനയും നടത്തിയിരുന്നു. അപാകതകൾ പരിഹരിക്കാത്തതിനാൽ ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ കുട്ടികളിൽ നിന്നും യാതൊരുവിധ ഫീസും വാങ്ങാൻ പാടില്ലായെന്ന് മാനേജ്മെന്റിന് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. |

Reeth
സെക്ഷൻ ഓഫീസർ